# 9

# യേശുവിന്റെ ആത്മിയ വീക്ഷണം

യേശുവിന്റെ മനുഷത്വം പരിശോധിക്കുന്നതിൽ, അവൻ നമ്മെപ്പോലെ ആയിരുന്നതാണ് അന്വേഷിക്കേണ്ടത്. എങ്ങനെയായാലും, എതിരാണ് വെല്ലുവിളി ആകുന്നത്. നാം ഉറ്റുനോക്കുവാൻ പരിശ്രമിക്കുന്നതു മനുഷ്യനായ അവന്റെ ജീവിതമാണ്. ഇതു വ്യക്തമായും അവശ്യമായ പ്രവൃത്തിയാണ്. മത്തായി 5 ലെ സ്വർഗ്ഗീയ സവിശേഷത വായിക്കുമ്പോൾ നമ്മുടെ ജോലി പ്രയാസമാക്കുന്നു എന്നു നാം തിരിച്ചറിയുന്നു. നമ്മുടെ മനുഷത്വത്തെക്കുറിച്ചു നമുക്കു തീർച്ചയില്ല. ഉദാഹരണമായി, നമ്മുടെ ആത്മാവിനേയും ദേഹിയെയും നാം എങ്ങനെ വീക്ഷിക്കുന്നു? യേശുവിനു ആത്മാവും ദേഹിയും ഉണ്ടായിരുന്നു. അതുപോലെ നമുക്കും ഉണ്ട്. അവ നമ്മുടെ മനുഷത്വത്തിന്റെ മൂലാംശഭാഗങ്ങളാണ്. യേശുവിനെ പോലെ ആകുവാൻ ആഗ്രഹിക്കുന്ന ക്രിസ്ത്യാനി തന്റെ തന്നെ ആത്മാവിനെയും ദേഹിയെയും എങ്ങനെ കൈകാര്യം ചെയ്യും? ചോദ്യം പ്രയാസമേറിയതാണ്, സമ്മതിക്കുന്നു. ഒരു മനുഷ്യൻ എന്ന യേശുവിലുള്ള ദേഹിയും ആത്മാവും ഉള്ളതു നമുക്ക് എങ്ങനെ കുടുതൽ അനുമോദിക്കുവാൻ കഴിയും?

### അവന്റെ ആത്മിയ സ്വഭാവം നിർവ്വചിച്ചു

ആദ്യം, നാം ആത്മാവിനെയും (*ന്യൂമോ*) ദേഹിയെയും (*സൂക്കേ*) വസ്തുക്കളല്ല എന്നു ചിന്തിക്കണം. ആ അർത്ഥത്തിൽ രണ്ടു ''ആത്മിയമാണ്.'' അതുകൊണ്ടു, ആത്മാവും ദേഹിയും ഒരു സാരാംശമാണ്, അതായത്, ആത്മാവു. എന്തുകൊണ്ട്, പിന്നെ, വേർപിരിക്കുന്നു, എന്താണ് വ്യത്യാസം? ചിലപ്പോൾ രണ്ടും വിവേചിക്കുവാൻ പ്രയാസമാണ് കാരണം രണ്ടു വാക്കുകൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നു എന്നു തോന്നുന്നതുകൊണ്ടാണ്.

ആത്മാവിലാണ് (*ന്യൂമാ*) നമ്മുടെ അമർത്യത സ്ഥിതി ചെയ്യുന്നത്. പ്രാർത്ഥനയായ, ആദ്യ ക്രിസ്തീയ രക്തസാക്ഷിയായ, സ്തെഫൊനൊസിന്റെ അവസാന വാക്കുകൾ ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു: ''കർത്താവായ യേശുവേ, എൻരെ ആത്മാവിനെ കൈക്കോള്ളേണമേ" (പ്രവൃത്തികൾ 7:59). യേശു ക്രൂശിൽ മരിക്കുമ്പോൾ, അവൻ പറഞ്ഞു, "പിതാവേ, ഞാൻ എന്റെ ആത്മാവിനെ

കൈയ്യിൽ ഏല്പിക്കുന്നു" (ലൂക്കൊസ് 23:46). അവൻ സങ്കീർത്തനങ്ങൾ 31:5 ഉദ്ധരിക്കയാണ് ചെയ്തത്, അവിടെ തുല്യമായ എബ്രായ വാക്ക് (*രുവാക്ക്*) കാണുന്നു. ഈ രണ്ടു ഉദാഹരണങ്ങളും പഴയ നിയമവും പുതിയ നിയമവും "ആത്മവാണ് നല്കിയ ദൈവത്തിലേക്കു തിരികെ ചേരും" എന്നു കാണിക്കുന്നു (സഭാപ്രസംഗി 12:7). പിന്നെ, നാം കാണുന്നത്, ഒരാളുടെ ആത്മാവാണ് (*ന്യൂമാ*) ഉയർക്ക, അമർത്ഥ്യമായ ഭാഗം എന്നാണ്.

മറുവശത്ത്, ദേഹിയുടെ (*സുക്കേ*), അതും വസ്തുവല്ല. എങ്ങനെയായാലും, ദേഹി മനുഷ്യന്റെ ഉയർന്ന ഭാഗമല്ല, അതു പീഠം, അഥവാ ചാനൽ, മനുഷ്യനെ, പ്രകൃതിദത്തം, അല്ലെങ്കിൽ ജന്തു. മൃഗങ്ങളിൽ മുൻഗണന നടത്തുന്ന ആളുകളെകുറിച്ചു യൂദാ, പരാമർശിച്ചിട്ടുണ്ട്. അവൻ പറഞ്ഞു, "അവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതന്മാർ, ആത്മാവില്ലാത്തവൻ (വാക്യം19) യൂദാ അവരെ സൂക്തിക്കോയി, "പ്രാകൃതന്മാർ" എന്നു വിളിച്ചു. സൂക്കേ മാംസം അല്ലായ്കകൊണ്ട, യൂദയും മറ്റു പുതിയ നിയമ എഴുത്തുകാരും ഉപയോഗിച്ച വാക്ക് വസ്തുവല്ലാത്തതിനെ അഥവാ ജഡത്തിന്റെ ആഗ്രഹത്തെയും ആർത്തിയെയും ആണ് പറയുന്നത് (*സാർക്സ്*).

"ജഡം" മനുഷ്യന്റെ ദ്രവത്വ (പ്രാകൃതം, ജന്തു) ഭാഗം ആകകൊണ്ട്, മനുഷ്യന്റെ മർത്യവും അമർത്യവുമായ ഭാഗങ്ങൾ തമ്മിൽ "പോരാട്ടം" ഉണ്ടാകുന്നതിൽ അതിശയിക്കുവാനില്ല. ഇതിനർത്ഥം മനുഷ്യന്റെ പ്രാകൃതഭാഗം സ്വതതേ, ദുഷ്ടതയുള്ളതാണെന്ന് അർത്ഥമാക്കരുത്. "ജഡവും ആത്മാവും പൊരുത്തമില്ലാതായി തീരുന്നതു ആത്മാവായ ദൈവത്തിൽ ആശ്രയിക്കാതെ സ്വായശ്രയത്തിലാക്കുന്നതുകൊണ്ടാണ്, യിരെമ്യാവു 17:5 മുതൽ; 2 ദിന. 32:8."[1]

പിന്നെ, ദേഹം (*സോമാ*) ആണുള്ളത്. ശരീരം രൂപമാണ്. അതു ജീവനില്ലാത്ത വസ്തുതകൾക്കും ബാധകമാണ് മിത്തുകൾക്കും ശരീരങ്ങൾ ഉണ്ട് എന്നു പൗലൊസ് പറഞ്ഞിട്ടുണ്ട്, ഭൂമിയിലുള്ള പക്ഷികൾക്കും മൃഗങ്ങൾക്കും ശരീരങ്ങൾ ഉണ്ട് എന്നു അവർ പറഞ്ഞിട്ടുണ്ട് ആകാശ സൈന്യങ്ങളായ സൂര്യൻ, നക്ഷത്രങ്ങൾ എന്നിവയാലും അവൻ വ്യക്തമാക്കിയിട്ടുണ്ട് (1 കൊരന്ത്യർ 15:36–41) (യാക്കൊബ് 3:3).

*സോമാ* എന്നതു നമ്മുടെ മനുഷ്യ ശരീരത്തെയും ബാധിക്കുന്നതാണ് എന്നതു നമ്മെ കൂടുതൽ ചിന്തിപ്പിക്കുന്നു. നമ്മുടെ വ്യക്തിത്വ പ്രദർശനമാണ് നമ്മുടെ ശരീരം. ഒരു വിരലടയാളം പോലെയല്ല മറ്റൊന്ന് എന്നതു നമ്മെ അതിശയിപ്പിക്കുന്നു. വ്യക്തികളായി നാം ജീവിക്കുന്നു എന്നു നമ്മുടെ ശരീരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. നാം ജനിച്ച ശരീരത്തിന്റെ ദൈവത്തിന്റെ സൃഷ്ടികളായി നാം ചരിക്കയും, ഇരിക്കയും ചെയ്യുന്നു. നമ്മുടെ ശരീരം ഭൗതികമാണ്, അങ്ങനെയായതുകൊണ്ട്, അതു അനശ്വരമല്ല. എങ്ങനെയായാലും, ഭൂമിയിൽ ആയിരിക്കുമ്പോൾ, നാം ജീവിക്കുന്ന "വ്യക്തികളായി," പ്രകടിപ്പിക്കുന്ന ഉപകരണങ്ങളാണ് അവ.

ഇവയെല്ലാം മനസ്സിൽ സംഗ്രഹിച്ചാൽ, ഒരുപക്ഷെ പൗലൊസ്

തെസ്സലൊനികൃയിലെ ക്രിസ്ത്യാനികൾക്കു വേണ്ടി പ്രാർത്ഥിച്ചതിനെ നാം അനുമോദിക്കും: "സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും [*ന്യൂമാ*] പ്രാണനും [*സൂക്കേ*] ദേഹവും [*സോമാ*] അശേഷം നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അതിനുമായി വെളിപ്പെടുവാന്തക്കവണ്ണം കാക്കപ്പെടുമാറാകട്ടെ" (1 തെസ്സലൊനികൃർ 5:23). മറ്റൊരുവാക്കിൽ, പൗലൊസ് അവരുടെ ആത്മിക, ഭൗതിക, മാനുഷിക സ്വഭാവങ്ങൾ മുഴുവനും ദൈവ മുൻപാകെ കുറ്റമില്ലാതെ കാണുവാനാണ് പ്രാർത്ഥിച്ചത്.

"നമ്മുടെ മാനുഷ ഘടകങ്ങൾ" എന്ന ചാർട്ടിൽ "ശരീരം" (*സോമാ*) ഇല്ല. കാരണം വാസ്തവത്തിൽ അത് "അവിടെ" ഇല്ല എന്നാണ്. ശരീരം നമ്മുടെ വ്യക്തിത്വരൂപമാണ്. ചാർട്ടിലെ എല്ലാ മൂലകങ്ങളുമായി അടുത്ത ബത്തിൽ പ്രവർത്തിക്കേണ്ട, വ്യക്തിപരമായ, പ്രാദേശികമായ ഉപകരണങ്ങളാണ് അവ. ഈ വിധത്തിൽ നാം നമ്മുടെ വ്യക്തിപരമായ കാര്യങ്ങൾ പ്രകടിപ്പിക്കുന്നു.

## യേശുവിന്റെ ആത്മിയ സ്വഭാവം പ്രദർശിപ്പിച്ചു

യേശുവിന്റെ മനുഷത്വം മനസ്സിലാക്കി അനുമോദിക്കുവാൻ നമ്മുടെ മനുഷത്വം ആത്മാവും, പ്രാണനും, ദേഹവും നാം പരിശോധിച്ചു. അവന്റെ മനുഷത്വത്തിൽ ഈ ഘടകങ്ങൾ എല്ലാം അടങ്ങുന്നു. ഇനി നാം ചോദിക്കുക, "ഒരു *മനുഷ്യനായി* അവൻ എങ്ങനെ തന്റെ ആത്മിയ സ്വഭാവം വ്യക്തമാക്കി?"

### അവന്റെ പ്രാർത്ഥനാ ജീവിതം

അവന്റെ ജീവിത വീക്ഷണം ചുരുങ്ങിയതു ശ്രദ്ധേയമായ രണ്ടു വഴികളിൽ നാം കാണുന്നു. ആദ്യം, നാം അവന്റെ പ്രാർത്ഥനാ ജീവിതം പരിഗണിക്കുന്നു. അതു വിസ്മയാവഹമാണ്. അവതാരത്തിനു മുമ്പും പിമ്പും ഉള്ളവനാണ് പുത്രനായ ദൈവവും, ദൈവ പുത്രനും. പിന്നെ, എന്തിനാണ്, പുത്രനായ ദൈവം പിതാവായ ദൈവത്തോടു പ്രാർത്ഥിച്ചതെന്തിനാണ്? *പുത്രനായ ദൈവം മനുഷ്യനും ആയിരുന്നു. അവൻ തന്റെ ദൈവികത്വത്തിൽ ദൈവം ആയിരുന്നതുപോലെ മനുഷ്യത്വത്തിൽ മനുഷ്യനും ആയിരുന്നു!*

കെ ജെ വി യിലും ആർ എസ് വിയിലും നാം കാണുന്നതു "യേശു [തന്നെത്താൻ] നിർജ്ജന ദേശത്തേ [ക്ക്] വാങ്ങിപ്പോയി പ്രാർത്ഥിച്ചു കൊണ്ടിരുന്നു" എന്നാണ് (ലൂക്കൊസ് 5:16). എൻ ഐ വിയിൽ അടിക്കടി, അല്ലെങ്കിൽ ആവർത്തിച്ചു, വർത്തമാന തുടർച്ചയിലും ബഹുവചന നാമത്തിലും തർജ്ജിമ ചെയ്തിരിക്കുന്നു. "യേശു പലപ്പോഴും വാങ്ങിപ്പോയി തനിച്ചു പ്രാർത്ഥിച്ചിട്ടുണ്ട്. അവൻ വെള്ളത്തിന്മീതെ നടന്നു ശിഷ്യന്മാരുടെ അടുക്കലേക്കു പോകുന്നതിനു മുൻപു അവൻ തനിച്ചു മലമുകളിൽ പോയി പ്രാർത്ഥിച്ചിരുന്നു" (മത്തായി 14:23). കഫർന്ന ഹൂമിൽ വെച്ചു അവൻ പ്രഭാതത്തിൽ ഇരുട്ടുള്ളപ്പോൾ തനിയെ പ്രാർത്ഥിച്ചു (മർക്കൊസ് 1:35). തന്റെ അപ്പൊസ്തലന്മാരെ

തിരഞ്ഞെടുക്കുന്നതിനു മുൻപു ഒരു മലഞ്ചരുവിൽ രാത്രി മുഴുവൻ അവൻ പ്രാർത്ഥിക്കയുണ്ടായി (ലൂക്കൊസ് 6:12). ജനങ്ങൾ തന്നെക്കുറിച്ചു എന്തു പറയുന്നു എന്നു ശിഷ്യന്മാരോടു ചോദിക്കുന്നതിനു തൊട്ടു മുൻപു അവൻ രഹസ്യമായ പ്രാർത്ഥിച്ചു (ലൂക്കൊസ് 9:18). അവൻ മറുരൂപമലയിലേക്കു പ്രാർത്ഥിപ്പാൻ പോയി (ലൂക്കൊസ് 9:28, 29). പ്രാർത്ഥനയെക്കുറിച്ചു അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നതിനു മുൻപു അവൻ പ്രാർത്ഥിക്കയുണ്ടായി (ലൂക്കൊസ് 11:1).

സുവിശേഷ എഴുത്തുകാർ ഇതെല്ലാം രേഖപ്പെടുത്തിയത് എന്തിനാണ്? യേശു തനിയെ പോയി പ്രാർത്ഥിച്ച *വസ്തുത* തന്റെ മനുഷ്യത്വത്തിന്റെ ഏറ്റവും വലിയ സാക്ഷ്യമായി നമുക്കു കരുതാം.

നമുക്ക് അറിയാം, ഒരു പക്ഷെ പ്രാർത്ഥനയില്ലാത്ത ജീവിതം ശൂന്യവും നിഷ്ഫലവും ആകും. പ്രാർത്ഥനയിലെ ഉള്ളടക്കം വളരെ വ്യത്യസ്തമായിരിക്കും. പ്രാർത്ഥിക്കുന്ന ക്രിസ്തുവിന്റെ മാതൃക പിൻപറ്റുന്ന എല്ലാവർക്കും പ്രാർത്ഥന ഉറപ്പിന്റെ ശക്തി പകരും. അപേക്ഷയും, നന്ദിയും, ആശ്രയവും, സ്നേഹവും പ്രകടിപ്പിക്കുന്ന പ്രാർത്ഥനാ പരിശീലനവും ദൈവസഹായവും കൂടാതെ മനുഷ്യ ജീവിതം നിലനില്ക്കുമെന്നു പ്രതീക്ഷിക്കേണ്ട. യേശു പ്രാർത്ഥനയുമായി നിരന്തരം പിതാവിന്റെ അടുക്കൽ പ്രവേശിച്ചു. അവനാണ് നമ്മുടെ മാതൃക.

യേശുവിന്റെ പ്രാർത്ഥനയിലെ ഉള്ളടക്കം, നമ്മോടു പറഞ്ഞതറിയുമ്പോൾ നാം അവനെ കണ്ണു നീരോടും “ഞാനോ, നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ ഞാൻ നിനക്കു വേണ്ടി അപേക്ഷിച്ചു'' (ലൂക്കൊസ് 22:32). വ്യക്തിപരമായി, യേശു പ്രാർത്ഥനയിൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യും എന്നറിയുവാൻ, തിരുവെഴുത്തിലെ ഈ പ്രത്യേക പ്രസ്താവന മതിയാകും. മുഷത്വത്തിന്റെ എത്ര മനോഹര പ്രദർശനമാണ്! നാം മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ, നാം അവരെ ദൈവകൃപയിലും, സ്നേഹത്തിലും, പാപമോചനത്തിലും, ശക്തിയിലും ഏല്പിക്കുകയാണ്. നാം ചെയ്യുന്നതുപോലെ, യേശു വ്യക്തികൾക്കു വേണ്ടി പിതാവിനോടു പ്രാർത്ഥിച്ചിട്ടുണ്ട്. വാസ്തവത്തിലുള്ള മനുഷ്യന്റെ തീർച്ചയായ അടയാളമാണ് പ്രാർത്ഥന.

യേശുവിന്റെ പ്രാർത്ഥന വ്യാപകമായി രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗമാണ് യോഹന്നാൻ 17. അതു ദൈർഘ്യത്തിൽ മാത്രമല്ല ലക്ഷ്യത്തിലും വ്യാപകമാണ്. തനിക്കു വേണ്ടിയും, തന്റെ ശിഷ്യന്മാർക്കു വേണ്ടിയും, അവരുടെ സന്ദേശത്താൽ അവനിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. അവർ പത്രൊസിനു വേണ്ടി പ്രാർത്ഥിച്ചതുപോലെ, എല്ലാ വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിച്ചിരുന്നോ. ''നിന്റെ [നമ്മുടെ] വിശ്വാസം പൊയ്പ്പോകിക്കാതിരിപ്പാൻ”? (ലൂക്കൊസ് 22:31, 32 നോക്കുക.) നമ്മുടെ സഹവിശ്വാസികൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കേണ്ട പ്രാർത്ഥന അതല്ലേ?

യേശുവിന്റെ പ്രാർത്ഥന ജീവിതത്തെ കുറിച്ചു വളരെ പറയാൻ

കഴിഞ്ഞിട്ടുണ്ട്, കഴിയണം, കഴിയുകയും ചെയ്യും. ഗദ്ശമനെയിലെയും ക്രൂശിലേക്കുള്ള അവന്റെ പ്രാർത്ഥന മറ്റുള്ളതിൽ നിന്നും വ്യക്തമാക്കുന്നതു അവന്റെ മനുഷ്യത്വമാണ്.

**കാൽവരിയിലെ അവന്റെ മരണം**

ടിവിയിൽ അവതരിപ്പിക്കുന്ന പ്രോഗ്രാമിലെ യേശുവിന്റെ ഗദ്ശമെന അനുഭവം വായിക്കുവാനും വീക്ഷിക്കുവാനും എളുപ്പമാണ്. സഹായികളെയും നാം ശ്രദ്ധിച്ചെന്നുവരാം. അവതാരകരുടെ സാങ്കേതികതയെ നാം അനുമോദിച്ചെന്നുവരാം. അവരുടെ "അഭിനയ" കഴിവുകളെയും നാം പ്രകീർത്തിച്ചേക്കാം. ഓ, അതെ, പഠിക്കുവാൻ അതിൽ ഒരു പാഠവും നാം കണ്ടേക്കാം, പക്ഷെ അതു *വാസ്തവമാണെന്ന* നിലയിൽ നാം കാണുകയില്ല. അതു വെറും അവതരണമായി നാം കാണും. യേശുവാണ്, ഗദ്ശമനയിൽ നമ്മുടെ യജമാനനായ ഉപദേഷ്ടാവു, മറ്റൊരു പാഠമാണോ ഗദ്ശമെനയിൽ നല്കിയത്? നമ്മുടെ കുഴപ്പങ്ങൾ അവനിൽ ഏല്പ്പിച്ചാൽ അവൻ നമുക്കു വിശ്വാസം തരും എന്നാണോ? *അല്ല!* പ്രാർത്ഥിക്കുന്നതിനു മുൻപു, യേശു പറഞ്ഞു, ''എന്റെ ഉള്ളം മരണ വേദന പോലെ, അതി ദുഃഖിതമായിരിക്കുന്നു.'' അവൻ പ്രാർത്ഥിക്കുമ്പോൾ, "വിയർപ്പുതുള്ളികൾ രക്തത്തുള്ളികൾ പോലെ തറയിൽ വീണു" തുടർന്നു പ്രാർത്ഥിച്ചത്, "എങ്കിലും, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ" (മത്തായി 26:36-45; മർക്കൊസ് 14:32-40; ലൂക്കൊസ് 22:39-46).

തോട്ടത്തിൽ യേശു "അഭിനയിക്കുക" യായിരുന്നില്ല. അവന്റെ ദുഃഖം വാസ്തവമായിരുന്നു. ക്രൂശിനെ കൈക്കൊണ്ടതു, യേശുവിന്റെ ജീവിതത്തിലെ ഏറ്റവും വിഷമകരമായ സന്ദർഭമായിരുന്നു. "വ്യക്തിത്വമില്ലാതെ," പ്രവർത്തിക്കുകയായിരുന്നില്ല. *ഒരു മനുഷ്യൻ,* ആയിട്ടത്രേ യേശു, ഈ മത്സരത്തെ ഏറ്റെടുത്തത്. പിശാചിനെതിരെയുള്ള പോരാട്ടം! പിതാവായ ദൈവത്തിന്റെ മഹത്തായ വീണ്ടെടുപ്പു പദ്ധതി മനുഷ്യനായ യേശുവിൽ നടപ്പാക്കി. ആ പദ്ധതക്കു ഗദ്ശമനത്തിൽ ഊന്നൽ കൊടുത്തോ? "പാപനപാത്രം" നിങ്ങുന്ന പരീക്ഷണത്തിൽ യേശു പരീക്ഷിക്കപ്പെട്ടോ?

മാനസികമായ സ്വയഅച്ചടക്കത്തിൽ ഉത്സാഹം കാണിച്ചില്ലെങ്കിൽ നാം ആ നാടകീയരംഗം അവലോകനം ചെയ്യുമ്പോൾ, യേശുവിന്റെ ദുഃഖത്തിന്റെ അടിസ്ഥാന കാരണത്തിൽ നിന്നു നാം വ്യതിചലിച്ചു പോകും. തുലാസിൽ *സാഹിത്യപരമായി* ചിലതു തൂങ്ങുന്നുണ്ട്. ഒരു ബ്രഹത്തായ പോരാട്ടം പുരോഗമിക്കുന്നു. സാന്റെ മേല്ഡ വിജയം കൈവരിക്കുവാൻ മനുഷ്യനായ യേശു ദൈവം ആയില്ല. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടുന്നവനല്ല (യാക്കൊബ് 1:13); മനുഷ്യർക്കു കഴിയും യേശു പരീക്ഷിക്കപ്പെട്ടു. അവൻ മനുഷ്യൻ ആയിരുന്നു. അവൻ യുദ്ധം ജയിച്ചതു മനുഷ്യർ ആയിട്ടാണ്, മനുഷ്യരായ നാമും ജയിക്കേണ്ടതു അങ്ങനെയാണ്. നാം ജയിക്കണമങ്കിൽ, പിതാവിനോടു നിരന്തരമായി, അവന്റെ ശക്തിയിലും മനസ്സിലും ആശ്രയിച്ചു നമ്മെ

നിലനിർത്തുവാൻ, പ്രാർത്ഥിക്കണം (1 കൊരന്ത്യർ 10:13).

യേശു തന്റെ *മനുഷത്വം വാസ്തവത്തിൽ* ഗദ്ശമനെയിലും ക്രൂശിലും കാണിച്ചു. അവന്റെ മനുഷത്വത്തിൽ പിതാവു സന്തോഷിച്ചതുപോലെ, നാമും സന്തോഷിക്കുകയാണെങ്കിൽ അവൻ വിജയിച്ചതു ദൈവമായതുകൊണ്ടാണെന്നു നാം പറയുകയില്ല. പിതാവു അവനോടുകൂടെ ഉണ്ടായിരുന്നു. അവൻ അവന്റെ പ്രാർത്ഥന കേട്ടു – "പാനപാത്രം" നീക്കുകയായിരുന്നില്ല, യേശുവിനെ പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ ശക്തീകരിക്കുകയായിരുന്നു (ലൂക്കൊസ് 22:43). അതുകൊണ്ടു, യേശുവിനു "പിതാവു എനിക്കു തന്നെ പാനപാത്രം, ഞാൻ കുടിക്കേണ്ടതല്ലയോ?" എന്നു തീർത്തു പറയാൻ കഴിഞ്ഞു (യോഹന്നാൻ 18:11).

മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടപ്പോൾ യേശു സാത്താനുമായി ഏറ്റു മുട്ടി ജയിച്ചു. ഗദ്ശമെനയിൽ ഒരു വലിയ യുദ്ധം അവൻ ജയിച്ചു. പ്രത്യക്ഷതയിൽ വിപരീതമെന്നു തോന്നിയാലും, ക്രൂശിലേക്ക് അവന്റെ ഏറ്റവും വലിയ വിജയം ആയിരുന്നു. അവൻ പഠിപ്പിച്ചതു അതാണ്, "തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും, എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും" (മത്തായി 10:39). തന്റെ "ജീവനെ കണ്ടെത്തുവാനാണ്" യേശു പരീക്ഷിക്കപ്പെട്ടത് – പക്ഷെ അവൻ അതു നിരസിച്ചു. പകരം, അവൻ തന്റെ ജീവനെ "കളഞ്ഞു," ക്രൂശിലെ അവന്റെ ജീവിതം നമുക്കു വേണ്ടി ആയിരുന്നു.

യേശു വാസ്തവത്തിൽ മനുഷ്യൻ ആയിരുന്നില്ലെങ്കിൽ, അവന്റെ മനുഷത്വം ആയഥാർത്ഥമായിരുന്നാൽ, പ്രത്യക്ഷത വേഷ പ്രഛന്നതയിൽ ആയിരുന്നുവെങ്കിൽ, അവനെ സുവിശേഷത്തിൽ ഭൗമകനല്ലാതെ ചിത്രീകരിച്ചാൽ, ദൂതന്റെ പ്രത്യക്ഷതയിൽ, അർദ്ധ ദേവൻ മനുഷ്യരൂപത്തിലായിരുന്നാണ്, വീണ്ടെടുപ്പു ഉപദേശം മുഴുവൻ പാഴാകും. യേശുവിന്റെ മുഴുവൻ മനുഷ്യത്വവും പിടിക്കുക![2]

---

കുറിപ്പുകൾ

[1]എഡ്മാണ്ട് ജേക്കബ്, "*നുക്കേ,*" *ഇൻ തിയോളജിക്കൽ ഡിക്ഷണറി ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്,* ഇഡി. ജെർഹാർഡ് ഫ്രീഡ്റിച്ച്, ട്രാൻസ്, ആന്റ് എഡി. ജെഫ്രി ഡബ്ലിയു. ബ്രോംലെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി, 1974), 9:630. [2]ജെയിംസ് എസ്. സ്റ്റിവെർട്ട്, *ദ സ്ട്രോങ്ങ് നെയിം* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ, 1972), 76.

© 2009 Truth for Today